യാതൊരു വിവരവുമില്ല എന്നാണ് പറയുന്നത്. ജില്ലാ കേന്ദ്രങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിമാർ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള യോഗങ്ങൾ വിളിച്ചു ചേർക്കണം. ഇത്തവണ കുടിവെള്ള പ്രശ്നം രൂക്ഷമാണ്. യാതൊരു പിശുക്കും കാണിക്കാതെതന്നെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ആവശ്യമായ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ കഴിഞ്ഞ വർഷം 26 കോടി രൂപയാണ് ഇവിടെ വിതരണം ചെയ്തത്. ഈ വർഷം നേരത്തെ തന്നെ ഇവിടെ ശ്രീ. ഹംസ ചൂണ്ടിക്കാണിച്ചതുപോലെ വളരെ കടുത്ത വരൾച്ചയുണ്ടാകുമെന്ന റിപ്പോർട്ട് ഇവിടെ കിട്ടിയിട്ടുണ്ട്. ഈ വരൾച്ച പറയുമ്പോൾത്തന്നെ ഇന്നലേയും മിനിഞ്ഞാന്നുമൊക്കെ കനത്ത മഴ നമ്മുടെ പല ജില്ലകളിലും ഉണ്ടായി. ആകാശ ചുഴലി ഒരു പ്രത്യേകമായ, അതും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണ്. എന്നാലും വരൾച്ച കണ്ടുകൊണ്ട് മുൻകരുതൽ എടുക്കണം. പ്രത്യേകിച്ചും തെരഞ്ഞെടുപ്പിന്റെയൊക്കെ സമയമായതുകൊണ്ട് ഉദ്യോഗസ്ഥരെയൊക്കെ അതുമായി ബന്ധപ്പെട്ട് വിനിയോഗിക്കേണ്ടി വരും. അതുകൊണ്ട് നേരത്തെ തന്നെ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ആഴ്ച തന്നെ യോഗം വിളിക്കാനുള്ള നിർദ്ദേശവും കൊടുക്കുന്നുണ്ട്. ഇപ്പോൾ 13 കോടി 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് എം.എൽ.എ.-മാർ ഇടപെട്ട് ഏത് പ്രദേശത്താണ് അടിയന്തര ആവശ്യമുള്ളത്, ആ പഞ്ചായത്തുകളിൽ നിന്ന് റസല്യൂഷൻ എടുത്ത് കളക്ടർക്ക് കൊടുക്കണം. എം.എൽ.എ. നേരിട്ട് തന്നെ കളക്ടറേറ്റിൽ ലെറ്റർ മുഖേന അറിയിക്കുക. പെട്ടെന്ന് എത്തിക്കാനുള്ള സംവിധാനം എടുക്കുകയാണ്. തെരഞ്ഞെടുപ്പ് വരുന്നത് കാരണം ഉദ്യോഗസ്ഥന്മാരൊക്കെ എല്ലാ സ്ഥലങ്ങളിലും മാറിയിരിക്കുകയാണ്. വന്ന ഉദ്യോഗസ്ഥന്മാർക്ക് പല സ്ഥലങ്ങളും പരിചയമായി വരുന്നതേയുള്ളൂ. അതുകൊണ്ട് എം.എൽ.എ.-മാർ ഒന്നുകൂടി മനസ്സിലാക്കി കളക്ടർമാരെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

17. എൻ.എച്ച്. 47-ൽ മണ്ണുത്തി-വാണിയംപാറ ഭാഗത്ത് ക്രെയിൻ ലഭ്യമാക്കാൻ നടപടി

ശ്രീ. രാജാജി മാത്യു തോമസ്: സർ, ദേശീയ പാത 47-ൽ ഏറ്റവും കൂടുതൽ വാഹന അപകടങ്ങൾ സംഭവിക്കുന്ന ഒരു മേഖലയാണ് പുനലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന മണ്ണുത്തി-വാണിയംപാറ പ്രദേശം. ദിനംപ്രതി സംഭവിക്കുന്ന അപകടങ്ങളിൽ ജീവാപായവും ഗതാഗത സ്തംഭനവും പതിവാണ്. പലപ്പോഴും അപകടം സംഭവിച്ച് രക്ഷാപ്രവർത്തനം ആരംഭിക്കാൻ വലിയ കാലതാമസം നേരിടുന്നു. തൃശ്ശൂർ നഗരത്തിൽനിന്നും ക്രെയിൻ എത്തിയാൽ മാത്രമേ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നുള്ളൂ. ആയതിനാൽ ദുരന്തനിവാരണ പദ്ധതിയിലുൾപ്പെടുത്തി ഒരു ക്രെയിൻ

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രദേശത്തേക്ക് ലഭ്യമാക്കണം. അതോടൊപ്പംതന്നെ അപകടത്തിൽപ്പെടുന്ന വാഹനങ്ങളിൽ കുടുങ്ങിക്കിടക്കുന്ന യാത്രക്കാരെ രക്ഷിക്കുന്നതിനുവേണ്ടി യഥാസമയം ഉപയോഗിക്കുന്നതിനാവശ്യമായിട്ടുള്ള ഗ്യാസ് കട്ടർ തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ബഹുമാനപ്പെട്ട രാജാജി മാത്യു തോമസ് പ്രതിനിധീകരിക്കുന്ന പുനലൂർ നിയോജക മണ്ഡലം കൂടുതൽ ഭാഗവും ഹൈവേ ആയതിനാൽ ഭാരമേറിയ വാഹനങ്ങൾ പോകുന്ന തിരക്ക് മാത്രമല്ല പല സന്ദർഭങ്ങളിലും ഒട്ടേറെ അപകടങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലവുമാണ്. അടുത്ത കാലത്ത് ഭാരമുള്ള ഒരു വാഹനം മാറ്റിയെടുക്കാൻ പറ്റാത്ത രീതിയിലുള്ള അപകടം ഉണ്ടായി. ഇത് കാണിച്ചുകൊണ്ട് എംഎൽഎ-യുടെ കത്ത് ലഭിച്ചിരുന്നു. അതുകൂടാതെ ജില്ലാ കളക്ടറുടെ റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. ഇത്തരം അപകടങ്ങൾ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്തു കൊണ്ട് 40 ടൺ ഭാരം വരെ ഉൾക്കൊള്ളുന്ന ചരക്ക് വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ അത് ഉയർത്താൻ കഴിയുന്ന കപ്പാസിറ്റിയുള്ള ക്രെയിനിന്റെ സേവനം വേണം എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അപകട സാദ്ധ്യതയുള്ള പ്രദേശത്ത് കൂടുതൽ ശ്രദ്ധ കൊടുത്തുകൊണ്ട് തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, ഇടുക്കി എന്നീ നാല് മേഖലകളാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഒരു ക്രെയിനിന് വേണ്ടിവരുന്ന വില കണക്കാക്കിയാൽ 45 ലക്ഷം രൂപവരെ വരും. അതുപ്രകാരം നാല് ക്രെയിനുകൾ വാങ്ങുന്നതിന് ഒരു കോടി എൺപത് ലക്ഷം രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റ്, ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റ് ജില്ലാ കളക്ടർ, പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ അതിന്റെ മേൽനോട്ടക്കാരായിരിക്കും. മറ്റ് സ്ഥലത്ത് കൂടി ആവശ്യം വന്നാൽ ഈ ക്രെയിനുകൾ ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് കാര്യങ്ങൾ വിശേവന ചെയ്തിട്ടുള്ളത്. ശ്രീ. രാജാജി മാത്യു തോമസ് പറഞ്ഞ പ്രദേശത്തിന് ഉപകരിക്കുന്ന രീതിയിൽ എത്രയും പെട്ടെന്ന് ക്രെയിൻ വാങ്ങുന്നതിനുള്ള നിർദ്ദേശം തൃശ്ശൂർ ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട്.

16. അഷ്ടമിച്ചിറ-മാരക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാരണം

ശ്രീ. എ. കെ. ചന്ദ്രൻ: സർ, മാള നിയോജകമണ്ഡലത്തിലെ അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡ് വർഷങ്ങളായി മെയിന്റനൻസ് നടത്താത്തിന്റെ ഫലമായി വാഹന ഗതാഗതത്തിന് മാത്രമല്ല ജനങ്ങൾക്ക് നടക്കാൻപോലും കഴിയാത്തവിധം തകർന്ന് കിടക്കുകയാണ്. അഷ്ടമിച്ചിറയിൽ നിന്ന് കൊടകര-കൊടുങ്ങല്ലൂർ സംസ്ഥാന ഹൈവേ വഴി പുത്തൻചിറയിലേക്ക് വളരെ എളുപ്പം എത്താവുന്നതും മാള-പുത്തൻചിറ ഗ്രാമപ്പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് 2000-ൽ നബാർഡിൽ നിന്ന് 1,70,00,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാൽ നബാർഡ് അതിൽനിന്ന് പിൻമാറി. പിന്നീട് റോഡിന്റെ പുനരുദ്ധാരണ

LIBRARY ARCHIVES Kerala Legislative Assembly